(ഡി) ജലസ്രോതസ്സ് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തികരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഇല്ല. ജലസ്രോതസ്സ് ലഭ്യമല്ലാത്തതിനാൽ പണിയുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. ഭൂഗർഭജല വകുപ്പുമായി ബന്ധപ്പെട്ട് ജലസ്രോതസ്സ് തീരുമാനിക്കുന്നതിനാവശ്യമായ നടപടികൾ നിർവ്വഹണ ഏജൻസി സ്വീകരിച്ചുവരുന്നു.

(എഫ്) ബാധകമല്ല.

ചാലക്കുടി വി.ആർ.പുരം ഗവൺമെന്റ് ഐ.ടി.ഐ.- യിൽ ട്രേഡുകൾ അനുവദിക്കൽ

234 (3670) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിൻ കീഴിലുള്ള ചാലക്കുടി വി.ആർ. പുരം ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ അടക്കമുള്ള വിവിധ ട്രേഡുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) 2015 അദ്ധ്യയന വർഷത്തിൽ ഇലക്ട്രീഷ്യൻ ട്രേഡിൽ പ്രവേശനം നടത്തുന്നതിനായി അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വി.ആർ.പുരം ഐ.ടി.ഐ.-യിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ ഇലക്ട്രീഷ്യൻ ട്രേഡ് ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം

235 (3671) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്നത് ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികാരിക്കാത്തവരുമായ നിയമബിരുദ ധാരികൾക്ക് ജൂഡീഷ്യറിയിൽ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിന് സഹായകരമായ വിധത്തിൽ അഭിഭാഷകരായി പ്രാക്ടീസ് ആരംഭിക്കുന്നതിന് സാമ്പത്തികമായി സഹായം നൽകുന്ന പദ്ധതിയാണിത്. സാമ്പത്തികമായി പിന്നോക്കം നൽക്കുന്നവർക്ക് മുൻഗണന നൽകിയാണ് ആനുകൂല്യം നൽകുന്നത്.

(ബി) നിയമ പുസ്തകങ്ങളും വക്കീൽ യൂണിഫോമുകളും വാങ്ങുന്നതിന് ഒരാൾക്ക് ഒരു വർഷം 7,500 രൂപ വീതം മൂന്ന് വർഷങ്ങളിലായി ആകെ 22,500 രൂപ നൽകുന്നു.

(സി) 2012-13 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. സംസ്ഥാന തലത്തിൽ അപേക്ഷകൾ ക്ഷണിക്കുകയും യോഗ്യരായ അപേക്ഷകരെ തെരഞ്ഞെടുക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആനുകൂല്യം അനുവദിച്ച് നൽകുകയും ചെയ്യുന്ന നടപടി സ്വീകരിച്ചുവരുന്നു. 2012-13 -ൽ 85 പേർക്കും 2013-14 -ൽ 135 പേർക്കും 2014-15 -ൽ 111 പേർക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

പിന്നോക്ക സമുദായത്തിൽപ്പെട്ട ജാതി-മത വിഭാഗങ്ങളും പിന്നോക്ക വിഭാഗ കമ്മീഷനും

236 (3672) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത്, ഏതെല്ലാം മതങ്ങളേയും ജാതികളേയുമാണ് പിന്നോക്ക വിഭാഗ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് വ്യക്തമാക്കാമോ ;

(ബി) പിന്നോക്ക വിഭാഗ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ ;

(സി) പിന്നോക്ക വിഭാഗ കമ്മീഷൻ മുഖേന 2011 മുതൽ അനുവദിച്ച സഹായങ്ങൾ എന്തെല്ലാം ; ജാതി തിരിച്ച് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly